എയ്ഡ്സ് ഈജിപ്റ്റെ വർഗ്ഗത്തിൽപ്പെട്ട കൊതുകുകളിൽ ഡെങ്കിപ്പനിക്ക് കാരണമായ വൈറസുകളെ കണ്ടെത്തിയിട്ടുണ്ട്. വിശദമായ റിപ്പോർട്ടുകൾ പഠനം പൂർത്തിയാക്കിയ ശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ.

മലമ്പനിയെ സംബന്ധിച്ച് ദേശീയ മലമ്പനി നിവാരണ പദ്ധതി, ഡൽഹി, വിവിധ പഠനങ്ങൾ നടത്തിയിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ മലമ്പനി പരത്തുന്നത് അനോഫലീസ് സ്റ്റീഫൻ റെഡ് വർഗ്ഗത്തിൽപ്പെട്ട കൊതുകുകളാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാന ആരോഗ്യ വകുപ്പ് എന്റമോളജി വിഭാഗം രോഗ പകർച്ചയുണ്ടായ സ്ഥലങ്ങളിൽ പഠനങ്ങൾ നടത്തുകയും രോഗം പരത്തുന്ന കൊതുകുകളെ കണ്ടെത്തുകയും അവയെ നശിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

മഞ്ഞപ്പിത്തം സംബന്ധിച്ച് ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, പൂന, പഠനങ്ങൾ നടത്തുകയും ഹെപ്പറ്റൈറ്റിസ് റ്റൈപ്പ് 3 വിഭാഗം വൈറസ്സുകളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിദഗ്ദ്ധരെത്തി ഡെങ്കിപ്പനിയെ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. വിശദ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

പുതിയ ആയുർവേദ ഡിസ്പെൻസറികൾ

139 [3840] *ശ്രീ. പി. കെ. കെ. ബാവ:*
,, *കെ. എൻ. എ. ഖാദർ:*
,, *ചെർക്കളം അബ്ദുള്ള:*
,, *സി. മമ്മൂട്ടി:*
,, *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത മുഴുവൻ പഞ്ചായത്തുകളിലും ഡിസ്പെൻസറികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളാണ്. ഇക്കാര്യത്തിലുള്ള സന്നദ്ധതയ്ക്കനുസരിച്ചും സർക്കാരിന്റെ സാമ്പത്തികനില കണക്കിലെടുത്തും മാത്രമേ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly